







# ജ്യോതിസ്സ്



## നായർസമാജം ഹയർ സെക്കന്ററി സ്കൂൾ



# ആമുഖം

ലിറ്റിൽ കൈറ്റ്സിന്റ ആഭിമുഖ്യത്തിൽ തയാറാക്കിയ ഡിജിറ്റൽ മാഗസിൻ ഇത് ഞങ്ങളുടെ കൈയ്യൊപ്പോടെ നിങ്ങക്ക് സമപ്പർപ്പിക്കുന്നു.2018 ലെ തോരാത്ത മഴയിൽ ഞങ്ങൾക്ക് നഷ്ടമായതൊക്കെ തിരികെ പിടിക്കാൻ അശ്രാന്തം പരിശ്രമിക്കുന്ന കാലത്താണ് നമ്മുടെ ഈ ഗവൺമെന്റ് വസന്തകാലമെന്നോണം ലിറ്റിൽ കൈറ്റ്സ്സിന് ആരംഭം കുറിച്ചത്.

കാലം പ്രകൃതിയിൽ വരുത്തിയ മാറ്റത്തിനൊപ്പം 2018 ലെ ഓണവും മാവേലിയും ഞങ്ങളോട് പിണങ്ങി മാറിനിന്നപ്പോൾ, 2019 ൽ ഓണവും മാവേലിയും ഞങ്ങളുടെ ഡിജിറ്റൽ പൂക്കളം കാണാനെത്തി. അതിജീവനത്തിന്റ പാതയിൽ നിന്ന് ഞങ്ങളുടെ കരുത്ത് നൂതന സങ്കേതത്തിലേക്ക് എത്തി. ഒത്തിരി ഗെയിമുകളുടെ പരിചയപ്പെടുത്തലും നിർമാണവും അതോടൊപ്പം മലയാളം ടൈപ്പിങ്ങും ഞങ്ങൾ പഠിച്ചു
ഒരു മഴത്തുള്ളിയുടെ ഓർമ്മയ്ക്കു വേണ്ടി എങ്ങുപോയ് ഇന്നെന്റെ നാട്! വസന്തത്തെ മറന്ന മണ്ണും മനുഷ്യനും ഒരു ശലഭജന്മം പോലെ അവന്റെ ജീവിതമെന്ന സത്യത്തെ തിരിച്ചറിയാതെ എന്തിനൊക്കെയൊ പരക്കം പായുന്നു. ഒന്നും നേടാത്ത ഈ ജന്മത്തിൽ അവൻ വീണ്ടും ഒരു തീപക്ഷിയായ് മാറട്ടെ. അവൻ തുറന്നു പിടിച്ച കണ്ണുകൾ സത്യത്തിനും, നീതിയ്ക്കും, പുത്തൻ കണ്ടുപിടുത്തങ്ങൾക്കും അറിവിനും പുതിയ ജാലകക്കാഴ്ചകൾ സമ്മാനിച്ച ജ്യോതിസ്സ് ആകട്ടെ.

ഇതിലെ എല്ലാ കുറവുകളും മറന്ന് ഒരു നല്ല പുതിയ പ്രകാശമായ് നിങ്ങൾ വായനക്കാർ ഹൃദയത്തിൽ സൂക്ഷിക്കുമെന്ന് വിശ്വാസത്തോടെ ഞങ്ങൾ നിങ്ങൾക്കു മുൻപിൽ ഞങ്ങളുടെ "ജ്യോതിസ്സ്" സമർപ്പിക്കുന്നു.

# ആശംസകൾ



ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ സംരംഭമായി ഒരു ഡിജിറ്റിൽ മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. നമ്മുടെ ആശയ സംവിധാനങ്ങളും,മറ്റ് ഒട്ടുമിക്ക ഇടപാടുകലും കടലസ് രഹിത ഡിജിറ്റൽ രൂപങ്ങളിലേക്ക് ചുവടുമാറ്റിക്കഴിഞ്ഞു. വിജ്ഞാനം മുഴുവൻ നമുക്ക് വിരൽതുമ്പിൽ ലഭ്യമാണ്.

ആശങ്ങളെ കൂടുതൽ അനുഭവവേദ്യമാക്കുവാൻ ഡിജിറ്റൽ മാഗസിനുകൾക്ക് സാധിക്കും. പുത്തൻ ചുവടുവെപ്പ് വിജയമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ സംരഭത്തിനു പിന്നിൽ പ്രവർത്തിച്ച ഏവർക്കും ആശംസകൾ നേരുന്നു.

ജി.ഗോപകുമാർ

ഹെഡ് മാസ്റ്റർ

# മുഖപ്രസംഗം

പൊതുവിദ്യാഭ്യാസത്തിന് പൊൻതൂവലായി പുത്തൻ ചുവടുകളിലൂടെ, അറിവും തിരിച്ചറിവും ഒത്തുചേരുന്ന ഈ കാലം ശാസ്ത്രാവബോധത്തിൽ നമ്മുടെകുഞ്ഞുങ്ങളെവാർത്തെടുക്കുന്നതിനുംഅവർക്ക്വേണ്ടുന്നഅടിത്തറഇടുന്നതിനുംആധുനികവിദ്യാഭ്യാസത്തിന്റ പങ്ക് വളരെ വലുതാണ്.

ഇത് മനസ്സിലാക്കിയ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നമ്മുടെ വിദ്യാഭ്യാസമേഘലയിൽ സമൂലമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി.അതിന്റെആദ്യപടിയായിപൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം.കുട്ടികൾക്ക് നവീന പഠനാനുഭവം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാലയങ്ങൾ ഹൈടെക്ക് ആക്കുകയും കുട്ടികളെ ഇൻഡ്യയിലെ തന്നെഎറ്റവുംവലിയപഠനമാർഗങ്ങളിലേക്ക്ഉയർത്തുക

യും ഏറ്റവും വലിയ ഐറ്റി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ്,ഐ.റ്റി ക്ലബ്ബുകൾക്ക് രൂപം നൽകി,ഞങ്ങളുടെ

വിദ്യാലയത്തിന്റെ ഏതൊരു പ്രവർത്തനത്തിനും ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന്റെ പ്രവർത്തനവും പങ്കാളിത്വവും ഉറപ്പാക്കുന്നു.

കുട്ടികളുടെ കഴിവുകളെ സമൂഹത്തിനു മുൻപിൽ പ്രദർശിപ്പിക്കുന്നതിനായി ഉത്തമയായ മാധ്യമമായാണ് ഞങ്ങൾ ഈ മാഗസിനെ കാണുന്നത്. എല്ലാവരുടേയും ആശിസ്സുകൾ ഏറ്റുവാങ്ങി അറിവിൻ വെളിച്ചം ഏവരിലേക്കും എത്തട്ടെ എന്ന് പ്രത്യാശിച്ചുകൊണ്ട് ഞങ്ങളുടെ ജ്യോതിസ്സ് സമർപ്പിക്കുന്നു.



**ക്രിഷ് റോഷ്**

# ഉള്ളടക്കം

1. ഒരു മഴത്തുള്ളിയുടെ ഓർമ്മയ്ക്ക്.7-8
2. ശലഭ ജന്മം. 9-10
3. മണ്ണും മനുഷ്യനും. 11-12
4. എങ്ങുപോയി. 13
5. ഇന്നെന്റെ നാട്. 14-15
6. വസന്തത്തിനോട്. 16-17
7. തോരാതെ പെയ്യുന്ന തുലാമഴ. 18-21

# ഒരു മഴത്തുള്ളിയുടെ ഓർമ്മയ്ക്ക്

ഏകാന്തമായ എന്റെ ജാലകത്തിലൂടെ കണ്ട മഴ മണ്ണിൽ വന്ന് വീഴുമ്പോളുണ്ടാകുന്ന ഗന്ധത്തിന് ഓർമകളുടെ തീക്ഷ്ണതയുണ്ട്.ഇരുണ്ട ഇടനാഴികകളിലൂടെ നടക്കുമ്പോൾ ഒരു നർത്തകിയുടെ ചിലങ്കയുടെ ശബ്ദം കാതിൽ വന്ന് പതിക്കുന്നു. ഈറനണിഞ്ഞ വിരൽ നീട്ടി ആരോ എന്റെ പ്രാണനിൽ തൊടും പോലെ ഓരോമഴത്തുള്ളിയും എന്റെ ആത്മാവിൽ വന്ന് വീഴുന്നു. മഴ ഒരു വലിയ ഒർമ്മപുസ്തകമാണ്.ആദ്യമായി ഞാൻ മഴയെ സ്നേഹിച്ച ഒരു ദിവസത്തെ ഓർമ്മ എന്റെ മനസ്സിലേക്ക് വന്നു.മഴ നനയാതരിക്കാൻ ഒടിക്കയറി-യ രൂപക്കൂടും അതിനുള്ളിലെ അനന്തമായ ഓർമ്മയും.

മഴപെയ്യുമ്പോൾ ഒരായിരം മെഴുകുതിരികൾ ആത്രുപക്കുടിന്നുള്ളിൽകത്തിനിൽക്കുന്നു.അതോരോന്നും കെട്ട് പോയിട്ടും ഒന്നുമാത്രം കെടാതെ തെളിഞ്ഞു നിൽക്കുന്നു.ഓരോമഴത്തുള്ളിയിലും ആ തിരിനാള-ത്തിൽ വെളിച്ചം കടന്നു പോകുമ്പോൾ ഉണ്ടാവുന്ന ഏഴു നിറങ്ങൾ എന്റെ ജീവിതത്തെ സുന്ദരമാക്കും.ആ മഴദിവസം ജീവിക്കാനുദ്ബോധിപ്പിക്കും.എങ്കിലും ആ ഓർമ്മയിൽ അൽപ്പം കയ്യുനീര് കലർന്നിട്ടുണ്ടോ എന്നറിയില്ല.



ഗംഗ വിജയഘോഷ്

# ശലഭജന്മം



ശലഭം.....ശലഭം.......ശലഭജന്മം

ജന്മം ശലഭത്തിൻ കൂട്ടുപോൽ

ചെറു ചെടികളിൽ സൗന്ദര്യവതിയായ

ശലഭം താൻ സൗന്ദര്യത്തെ പുകഴ്

ത്തുന്നു

മാടിവിളിക്കുന്ന ചെടികൾ

വാടാതെ പൂവിടുന്നു

തേനും പൂവിൻ മധുരം നുണയാൻ

പാഞ്ഞോടിവന്നെത്തുമീ ശലഭം

ചിറകാൽ ചിത്രശലഭം ചിന്തയിൽ-

മുഴുകാതെ

പായുമി ചിത്രശലഭം കാറ്റിലൂടെ

സൗന്ദര്യം പകർത്തുമി ശലഭം

മരണമാകുന്ന നേരത്തും മരിക്കാതെ

ജീവിക്കുമീ സുന്ദരി . .....ജനിക്കു വിണ്ടും

ജനിക്കും പുനർജന്മം ഒരു സന്തോഷത്തിന്റെ

പുലർക്കാലാം എത്തട്ടെ ...ഇനിയും

വരുമി ശലഭം ... ശലഭം... ശലഭം

വിരിയുമീ ചെടികളിൽ സൗന്ദര്യവതിയാം ചിത്രശലഭം

താൻ പുനർജന്മത്തിന്റെ സ്നേഹമാം

പുതു ജിവനെ വരവേൽപ്പാൻ കാത്തിരിക്കുമീ അമ്മ .

ശലഭം വരവേൽപ്പാൻ...

ഈ കുഞ്ഞു ജീവന് വരവേൽപ്പ്....(ശലഭജന്മം.......)



# മണ്ണും മനുഷ്യനും

നമ്മുടെ പ്രകൃതി ഇപ്പോൾ നശിച്ചു കൊണ്ടിരിക്കുകയാണ്.മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടൽ മൂലം പ്രകൃതിയുടെ സന്തുലനവസ്ഥക്ക് കോട്ടം തട്ടുന്നു.മണ്ണ് നമ്മുടെ സ്വത്താണ്. അവയിപ്പോൾ ഇല്ലാതാവുകയും, മലിനമാകുകയും ചെയ്യുന്നു. നമ്മൾ സംരക്ഷിക്കേണ്ട മണ്ണ് നാം തന്നെ നശിപ്പിച്ചുക്കൊണ്ടിരിക്കുകയാണ്. മണ്ണു തന്നെ പലയിനമുണ്ട്.

ചെമ്മണ്ണ്,ചരൽ,പൊടിമണൽ ഇങ്ങനെ നിരവധി മണ്ണിനങ്ങൾ ഉണ്ട്. ഇവയൊക്കെ മലിനമായിക്കൊണ്ടിരിക്കുകയാണ്. ‘മണ്ണും മനുഷ്യനും ഇന്ന് ഏറേ ശ്രദ്ധ നേടിക്കൊണ്ടിരിക്കുന്ന വിഷയങ്ങളാണ്എന്നുതന്നെപറയാം. മനുഷ്യന്റെസുഖങ്ങൾക്കുവേണ്ടിമണ്ണ്നശിപ്പിക്കുന്നു. പുഴയിൽ നിന്ന് മണൽവാരൽ കുന്നിടിച്ചിൽ ഇങ്ങനെ. മനുഷ്യന്റെ അശാസ്ത്രീയ ഇടപെടൽ നിരവധിയാണ്.

പ്രകൃതിയിൽവൻദുരന്തങ്ങളാണ്ഇന്ന്അനുഭവിക്കുന്നത്. ദൈവത്തിന്റെസമ്മാനമാണ്,ജലസ്രോതസ്സുകൾ,ഫലങ്ങൾ,പൂക്കൾ ഇവ . ഇവയെല്ലാം ഒറ്റനിമിഷം കൊണ്ട് വേരോടെ പറിച്ചെറിയുന്ന മനുഷ്യരുടെ കാലത്താണ് നമ്മൾ ജീവിക്കുന്നത് . പ്രകൃതി എന്ന അമ്മയെ നിരവധി അനാവശ്യ പ്രവർത്തനങ്ങളിലൂടെ ചൂഷണം ചെയ്യുകയാണ് മനുഷ്യർ. പുഴയിൽ നിന്നും മണൽവാരി അതുകൊടുത്തു കാശു വാങ്ങിക്കുകയും , അല്ലെങ്കിൽ വേറെ ആവശ്യങ്ങൾക്കായി ഈ മണ്ണ് പയോഗിക്കുന്നു. ഇതിലുടെ പുഴയിലെ മണ്ണ് കാലക്രമേണ കുറയുകയും , ആഴം കൂടുകയും പുഴവൻതോതിൽ വെള്ളമിറങ്ങുകയും ചെയ്യുന്നു.വെള്ളമിറങ്ങുന്നതിലൂടെ പുഴ വറ്റിയ പുഴയുടെ രൂപം മാത്രം കണ്ട് മനസ്സിലാക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് ഇന്ന് നാം- കാണുന്നത്.



വരദ വേണു ഗോപാൽ

# എങ്ങുപോയി



ഭൂമിതൻ മാറിൽ ഞാനൊലിചൊഴുകുന്ന
ഇന്നെൻ ആത്മാവിനായി
കടലുകൾക്കപ്പുറം,
കരക്കൾ കവിഞ്ഞ്
എൻ ശിഖരത്തിൻ
നാമ്പിനായി,
ഭൂമിതൻ നെറ്റിയിൽ
മേഘങ്ങൾ തൻ വിളുമ്പലാൽ
മൊഴിയാമെ.......
ഭൂമിതൻ നെറ്റിയിൽ
മേഘങ്ങൾതൻ വിളുമ്പലാൽ
എൻ വസതിതൻ
നെറുകയിൽ ആരോതൻ
മാന്ത്രികജീവിതം
എൻ നേത്രങ്ങൾ പൊഴിച്ചീടും
ചുടുരക്തത്തിനായി
അവർതൻ കരങ്ങൾ
തുടിച്ചതും
ഞാനോഴുകുന്ന ആത്മാവുപോൽ

*എൻ വഴിയിൽ.....*

# ഇന്നെന്റെ നാട്

പുഞ്ചതൻ പാടങ്ങൾ കൊഞ്ചി തിമിർക്കുന്ന
മൊഞ്ചേറും നാടാണെൻ നാട്.
വഞ്ചിപ്പാട്ടീണവും ഓളവും തീരവും
നെഞ്ചേറ്റുമെൻ നാട് കുട്ടനാട്.

തോടുകൾ ആറുകൾ കായൽപ്പരപ്പുകൾ
തോണികൾ പലതരം കാണ്മൂ നമ്മൾ
തോൽപ്പിക്കാനാകാതെ കർഷകക്കൂട്ടങ്ങൾ
തോൽക്കാൻ മനസ്സില്ലാ തൊഴിലാളികൾ.

അമിതമാം വിഷമിന്നു എന്നുടെ നാടിനെ
അതികഠിനമാം രോഗത്തിനടിമയാക്കി
അറിവില്ലാത്തൊരുവനും ചെയ്തുപോയതല്ല
അമിതലാഭത്തിൻ കൊതിതൻ ഫലം



ശരിതേടിപ്പോകണമെനിക്കെന്റെ നാടിനെ

ശരിതൻ വഴിക്കുനയിച്ചിടേണം

ശാലീന സുന്ദരമാമെന്റ പ്രിയനാട്ടിൽ

ശലഭങ്ങൾ വീണ്ടും പറന്നീടണം

ശലഭങ്ങൾ വീണ്ടും പറന്നീടണം ..

***സായൂജ്യ സുരേഷ്***



# വസന്തത്തിനോട്



എന്തേ വസന്തമേ നീ എന്നെ പുൽകാതെ പോയി. കൈക്കുടന്ന നിറയെ പൂക്കളുമായി നീ എന്റെ അരികിലൂടെ പോയിട്ടും എന്തേ ഒരു മധുമാസം എനിക്ക് തന്നില്ല. എന്നെ തിരിഞ്ഞു പോലും നോക്കാതെ പോകുമ്പോഴൊക്കയും നീയൊന്ന് തിരിഞ്ഞു നോക്കാൻ ഞാൻ കാത്തിരിക്കും.നീ എന്നെ കാണുമ്പോഴെല്ലാം തിരിഞ്ഞുനിൽക്കുമെങ്കിലും എനിക്കു വിഷമമൊന്നും തോന്നാറില്ല.എന്നാൽ ഇന്നു നിനക്കെന്നോടുള്ള പിണക്കം ഇഷ്ടംകൊണ്ടല്ല എന്നു തോന്നുന്നു. നീ നടന്നു പോകും വഴിയെ ഞാൻ നോക്കാതെ

നോക്കാതെ നോക്കിക്കൊണ്ട് പറയാതെ..പറയും നമ്മൾ പങ്കിട്ട നിശ്ബ്ദതയാണ് നമ്മുടെ സൗഹൃദം.എന്റെ വേരുകളൊക്കെയും ഉണങ്ങി.എന്റ ചില്ലകളിലിന്ന് കിളികൾ കൂട്ടുകൂട്ടുന്നില്ല.ഓരോ വസന്തത്തിലും ചുവപ്പണിഞ്ഞ് നിൽക്കുന്ന ഞാനിന്ന് രക്തം കക്കിയ ജടമായി മാറിയിരിക്കുന്നു . എന്റെ വരാന്തയിലൂടെ കടന്നു പോകുന്ന കാറ്റ് കാറ്റു പോലും ചോദിക്കുന്നു, നീ എന്തേ തനിച്ചായി എന്ന്. എന്റെ ചില്ലകളിലൂടെ വെയിൽ കടന്നു പോകുമ്പോൾ എന്റെ ചുവന്ന പൂക്കളുടെ സന്തോഷം എന്നിലില്ലാതായ്. മണമില്ലാതെ

പൂജക്കെടുക്കാത്തവളായതിനാലാണോ,അതോ വസന്തമായ നിന്റെ മുമ്പിൽ താഴ്ന്നജാതിക്കാരി-യായതിനാലാണോ വസന്തമേ നീയെന്നെ മാറ്റിനിർത്തുന്നത്.നീ നടന്നകന്ന വഴിയിലേക്ക് ഉറ്റു- നൊക്കികൊണ്ട് ഞാൻ നിന്നെ ഓർത്ത് നിൽക്കും

*ഗംഗ വിജയഘോഷ്.*



# തോരാതെ പെയ്യുന്ന തുലാമഴ

മഴ അയാൾക്ക് വെറുപ്പായിരുന്നു.അഞ്ചടിയോളം പൊക്കവും കട്ടികുടിയ താടിയും മീശയും, അയാൾ അയിരുന്നു ആ കോളേജിന്റ കാവൽക്കാരൻ. കോളേജിന്റ മുക്കും മൂലയും അയാൾക്ക് പരിചിതമായിരുന്നു. കോളേജിന്റ പ്രധാന കവാടത്തിനോട് ചേർന്ന ചെറിയ മുറിയായിരുന്നു അയാളുടെ ഇരിപ്പിടം. തന്റ ജോലിയിൽ ഒരു പിഴവും വരുത്താൻ അയാൾ തയാറല്ലായിരുന്നു.അയാളെ എല്ലാ ർക്കും ഇഷ്ടമായിരുന്ന്. കുട്ടികൾ വരുമ്പോഴും പോകുമ്പോഴും അയാളുടെ മുന്നിൽ ഹാജർ

രേഖപ്പെടുത്തുമായിരുന്നു. എല്ലാവരും അയാളെ സോമൻ ചേട്ടൻ എന്നായിരുന്നു വിളിച്ചിരുന്നത്.

എന്നിട്ട് അയാൾ എന്തിന് അത് ചെയ്തു. പതിവുപോലെ സോമൻചേട്ടൻ അയാളുടെ കുഞ്ഞുമുറിയിൽ ഇരിപ്പായിരുന്നു. പുറത്ത് നേർത്ത മഴ. പെട്ടെന്നാണ് ആ നിലവിളി അയാൾ കേട്ടത്. കാലൻകുടയുമായി അയാൾ പുറത്തേക്ക് ഇറങ്ങി, ചെറിയ ആകാംക്ഷയോടും കൗതുകത്തോടും നോക്കി. അത് നീതയായിരുന്നു. അവിടുത്തെ നാലാം വർഷ എൻജിനിയറിംഗ് വിദ്യാർത്ഥി. പനത്തിൽ അവൾ എന്നും ഒന്നാമതായിരുന്നു കലയിലും വളരെ നല്ല വ്യക്തിത്വം അവൾ സോമൻ ചേട്ടന്റെ അടുത്തേക്ക് ഓടിവന്നു മുഖം നിറയെ ചോര വസ്ത്രങ്ങൾ കിറിയിരിക്കുന്നു.പിറകിൽ ഒരു വണ്ടിവന്നു നീർത്തി അതിൽ ഒരാൾ അവളെ ബലമായി പിടിച്ചു.

സോമൻ പിടിവിടുവിക്കാൻ ശ്രമിച്ചെങ്കിലും അയാളുടെ മെയ്യ്ക്കരുത്തിൽ സോമന് നിസ്സാഹയത പാലിക്കേണ്ടിവന്നു.അവളെ ആ സംഘം പിടിച്ച് വലിച്ച് വണ്ടിയിൽ കയറ്റി.വണ്ടിചീറിപാറി ആമഴയിലൂടെ

പോയി സോമൻ വിയർത്തിരുന്നു.അയാൾ നിശ്ബദനായി നിന്നു.പെട്ടന്ന് അയാൾ ചിന്തയിൽ നിന്നും എണീറ്റ് പിന്നിട് ഫോണെടുത്ത് പോലിസിനോട്പറഞ്ഞു.കോളേജ്അധികാരികളെയും വിവരമറയിച്ചു.പോലീസ്എത്തിസോമന്റെമൊഴിഎടുത്തു പിറ്റേന്ന്നീതയുടെശവശരീരംറെയിൽപ്പാളത്തിനുസമീപംകണ്ടെത്തി. അലമുറയിട്ടു കരയുന്നനീതയുടെ അച്ഛനും അമ്മയും അന്വഷണം പുരോഗമിച്ചു.കുറ്റവാളികൾ സോമൻ ചേട്ടനെ ഭീഷണിപ്പെടുത്തി അതിക്രമംവീട്ടിലും തുടർന്നു ഭയപ്പെട്ടുപോയ ഭാര്യസുമതി സത്യം പറയുന്നതിൽ നിന്നും അയാളെ പിൻതിരിപ്പിച്ചു. ആ കുടുംബത്തിന്റെ ആകെആശ്രയംഅയാളയിരുന്നു.ഭാര്യയുടെകരച്ചിൽകണ്ട് അവസാനം സോമൻ ചേട്ടൻ സത്യം പറയില്ല എന്നു സമ്മതിച്ചു.കോടതി മൊഴി പറയുന്ന ദിവസം.നിറഞ്ഞ ഭാരത്തോടെ സോമൻ കോടതിയുടെ പടി കയറി.അങ്ങകലെകുറ്റവാളികൾനില്ക്കുന്നത് അയാൾ കണ്ടു.അവൾ അയാളെ ആംഗ്യത്താൽ ഭീഷണിപ്പെടുത്തി.വക്കീൽ വിസ്താരം തുടങ്ങി താൻ

ഇവർ കൊലപ്പെടുന്നത് കണ്ടോ? വക്കീൽ ചോദിച്ചു . അയാൾ ആയിരുന്നുകേസിന്റെ സാക്ഷി അയാൾ പറഞ്ഞു ഇല്ല. കോടതിയിൽ നീതയുടെമാതാപിതാക്കൾഅയാളെനിസ്സാഹയതയോടെനോക്കിആനോട്ടംസോമൻപിള്ളയെവെന്തെരിച്ചു.കുറ്റ

വാളികൾ രക്ഷപ്പെട്ടുനിശബ്ദരക്കു മുന്നിൽ സത്യത്തിനുംകയ്യാണ് മനസ്സിൽ ഭാരംതാങ്ങാൻ ആവാതെ നിശബ്ദമായി അയാൾ നടന്നു. അയാൾ ഒരു കാവൽകാരനാണ്. പക്ഷെ ജീവിതത്തിനു മുന്നിൽ സത്യത്തിനും സ്ഥാനമില്ലാതാവും,പിറ്റേന്ന് മുറിയുടെ വാതിൽ തുറന്ന സുമതി കണ്ടത് ഫാനിൽ തൂങ്ങി കടക്കുന്ന സോമന്റെ ശവമാണ് അവൾ നിലവിളിച്ചു. പാപഭാരത്തിന്റ ഓർമകളുമായ് സോമൻ- ലോകത്തോട് വിടപറഞ്ഞു.

**നിഹാരികദേവരാജ്**



# എഡിറ്റോറിയൽ അംഗങ്ങൾ

- ക്യഷ് റോഷ്
- ദീപക് വിനോദ്
- ഗൗതം ക്യഷ്ണാ
- നിഹാരിക ദേവരാജ്
- ആദിത്യൻ കെ
- സന്ദീപ്

നായർസമാജം നെടുമുടി ഹയർ സെക്കന്ററി സ്കൂൾ

സ്കൂൾ കോഡ്: 46057

04772762132

# നന്ദി



**സവിത പ്രീനിത്ത്**

പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി ശാസ്ത്രസാങ്കേതിക വിദ്യയുടെ മികവിലേക്ക് കുട്ടികളെ കൈപിടിച്ച് ഉയർത്തുന്ന ഈ കാലഘട്ടത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ജ്യോതിസ്സ് എന്ന ഞങ്ങളുടെ ഈ ഡിജിറ്റൽ മാഗസിനിൽപങ്കാളികളായ എല്ലാ വിദ്യാർത്ഥികൾക്കും അതുപോലെ ഇതിനുവേണ്ടി പ്രയത്നിച്ച എല്ലാവർക്കും

ഹൃദയപൂർവം.,നന്ദി......